"ഭരണഭാഷ – മാതൃഭാഷ"

Dm
26.3.20

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ വകുപ്പ് – കോവിഡ് 19 - വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നിയന്ത്രണങ്ങൾ – തുടർ നടപടികൾ – സംബന്ധിച്ച്

---

പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

സ.ഉ (കൈ) നം. 50/ 2020/പൊ.ഭ.വ തീയതി, തിരുവനന്തപുരം 26.03.2020

---

പരാമർശം : സ.ഉ. (കൈ) നം. 49/2020/പൊ.ഭ.വ, തീയതി 23.03.2020

**ഉത്തരവ്**

സംസ്ഥാനത്ത് കൊറോണ വൈറസിന്റെ (കോവിഡ് 19) വ്യാപനത്തെത്തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരാമർശിത ഉത്തരവ് പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിനു തുടർച്ചയായി പ്രതിരോധ നടപടികൾ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അടിയന്തിര നടപടികൾകൂടി സ്വീകരിക്കേണ്ടതാണ്.

1. സംസ്ഥാനത്ത് നിലവിലുള്ള അതിഥി തൊഴിലാളികൾക്ക് പ്രത്യേക താമസ സൗകര്യം (ക്യാമ്പുകൾ) സജ്ജമാക്കേണ്ടതാണ്. (നടപടി – തൊഴിൽ വകുപ്പ്)

2. കൊറോണ നിരീക്ഷണത്തിലുള്ള വ്യക്തികൾ യാത്ര ചെയ്യുന്നത് നിരീക്ഷിക്കുന്നതിനായി അവരുടെ ഫോൺ വിശദാംശങ്ങൾ ടെലികോം സേവനദാതാക്കളിൽ നിന്നും ശേഖരിക്കേണ്ടതാണ്. (നടപടി – ആഭ്യന്തര വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ജില്ലാ കളക്ടർമാർ)

3. കൊറോണ രോഗികളെ ചികിത്സിക്കാൻ മാത്രമായി ഓരോ ജില്ലയിലും കോവിഡ് ആശുപത്രികൾ സജ്ജമാക്കാനുള്ള നടപടികൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പും അതത് ജില്ലാ ഭരണകൂടവും സംയുക്തമായി സ്വീകരിക്കേണ്ടതാണ്.

4. കൊറോണ ചികിത്സക്കായി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനായി അവർക്ക് താമസിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട ആശുപത്രികൾക്ക് അടുത്തുതന്നെ താമസ സൗകര്യം ഒരുക്കേണ്ടതാണ്. (നടപടി- ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ജില്ലാ കളക്ടർമാർ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം)

5. കറൻസി നോട്ടുകളും നാണയങ്ങളും അണുവിമുക്തമാക്കി പൊതുജനത്തിന് ലഭ്യമാക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. (നടപടി-ജില്ലാ കളക്ടർമാർ)

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ യോഗം ചേർന്ന് 2020 മാർച്ച് 31 ന മുമ്പുതന്നെ ബജറ്റുകൾ പാസ്സാക്കേണ്ടതാണ്. (നടപടി–തദ്ദേശസ്വയംഭരണ വകുപ്പ്)

7. മൈക്രോഫിനാൻസ് പ്രൈവറ്റ് കമ്പനികൾ പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സമാഹരിക്കുന്നത് രണ്ടു മാസത്തേക്ക് നിർത്തി വയ്ക്കേണ്ടതാണ്.
(നടപടി–ജില്ലാ കളക്ടർമാർ, ധനകാര്യ വകുപ്പ്)

8. നിരീക്ഷണത്തിൽ കഴിയുന്ന വ്യക്തികൾക്ക്/കുടുംബങ്ങൾക്ക് ആവശ്യ ഭക്ഷണസാധനങ്ങൾ വീടുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം വ്യാപാരിവ്യവസായ സംഘടനകളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തേണ്ടതാണ്.
(നടപടി–ഭക്ഷ്യപൊതുവിതരണ വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്)

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ്
ചീഫ് സെക്രട്ടറി

പകർപ്പ്

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും
അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരം & വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
സെക്രട്ടറി, കേരള നിയമസഭ
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സിവിൽ സപ്ലൈസ് വകുപ്പ്
ലേബർ കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്